(സി) ജലസുരക്ഷാ പദ്ധതി സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലേയും ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പ്രത്യേകം പ്രത്യേകം ഡിപ്പാർട്ട്മെന്റുകളെ ചുമതലപ്പെടുത്തിക്കൊണ്ട് സ.ഉ.(സാധാ)നമ്പർ 69/2010 WRD തീയതി 18-1-2010സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം തിരുവനന്തപുരം, തൃശൂർ, മലപ്പുറം—കെ.ആർ.ഡബ്ല്യൂ.എസ്.എ.

കോഴിക്കോട്, എറണാകുളം, ആലപ്പുഴ—ജലസേചനവകുപ്പ് വയനാട്, ഇടുക്കി — കേരള വാട്ടർ അതോറിറ്റി പാലക്കാട്, കണ്ണൂർ, പത്തനംതിട്ട —കാഡ കാസർഗോഡ്— ഗ്രൗണ്ട് വാട്ടർ

മേൽനോട്ടവും നടത്തിപ്പുചുമതലകളും വഹിക്കണമെന്നാണ് ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പത്ര മാധ്യമങ്ങളിലൂടെയും ഇലക്ട്രോണിക് മീഡിയായിലൂടെയുമുള്ള പ്രചരണ, ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്.

(ഡി) ജലസുരക്ഷാ പദ്ധതി അർഹിക്കുന്ന പ്രാധാന്യത്തിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

പമ്പാനദിയുടെ സംരക്ഷണം

92 (542) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്തോടെ പമ്പാനദി സംരക്ഷണത്തിനും സമഗ്രവികസനത്തിനുമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നാണ് കരുതുന്നത് ;

(സി) പമ്പാനദിയിലേക്ക് മാലിന്യങ്ങൾ ഒഴുകുന്നതു തടയുന്നതിനും പുഴയുടെ തീരം സംരക്ഷിക്കുന്നതിനും പുഴ കയ്യേറ്റം തടയുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ;

(ഡി) ഇത്തരം പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്തോടെ പമ്പാനദി സംരക്ഷണത്തിനായി പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

(സി&ഡി) പമ്പാ ആക്ഷൻ പ്ലാൻപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ സഹായത്തോടെ ശബരിമലയിൽനിന്നുള്ള മാലിന്യ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ക്കരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പുഴയുടെ തീരം സംരക്ഷിക്കുന്നതിനും കയ്യേറ്റം തടയുന്നതിനും പമ്പാ ആക്ഷൻപ്ലാൻ പ്രാകരം തൽക്കാലം പദ്ധതികളൊന്നും നിലവിലില്ല.

മുല്ലപ്പെരിയാറിലെ പുതിയ അണക്കെട്ടിന്റെ നിർമ്മാണം

93 (543) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിലെ പുതിയ അണക്കെട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട സർവ്വേ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ;

(ബി) എംപവേർഡ് കമ്മിറ്റി മുഖേന കേന്ദ്ര ഗവണ്മെന്റിന് സമർപ്പിക്കേണ്ടിയിരുന്ന രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) മുല്ലപ്പെരിയാറിലെ പുതിയ ഡാമിന്റെ നിർമ്മാണത്തിനാവശ്യമായ സർവ്വേ ജോലികൾ പൂർത്തിയാക്കി.

(ബി) മുല്ലപ്പെരിയാർ ഡാമിന്റെ കൈവശാവകാശം തമിഴ്നാടിനായതുകൊണ്ട് ഭൂരിഭാഗം വിവരങ്ങളും തമിഴ്നാടാണ് സമർപ്പിക്കേണ്ടത്. എന്നിരിക്കിലും കേരളവുമായി ബന്ധപ്പെട്ടുവരുന്ന വസ്തുതകൾ ഉന്നതാധികാര സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. സമിതിമുമ്പാകെ സമർപ്പിക്കേണ്ട ചില അധിക വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുല്ലപ്പെരിയാർ ഡാമിന്റെ സ്ഥിതി വിലയിരുത്തുന്നതിനായി വിദഗ്ധസംഘം നടത്തിയ പരിശോധന

94 (544) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ ഡാമിന്റെ സ്ഥിതി വിലയിരുത്തുന്നതിനായി വിദഗ്ധസംഘം എന്തൊക്കെ പരിശോധനകൾ ഇതുവരെ നടത്തി എന്ന് വിശദമാക്കുമോ ;

(ബി) കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ കീഴിലുള്ള ഏതൊക്കെ ഉദ്യോഗസ്ഥരാണ് ഈ വിദഗ്ധസംഘത്തിലുണ്ടായിരുന്നത് ;

(സി) പ്രധാന ഡാമിനു പുറമെ ബേബി ഡാമിൽ ഈ വിദഗ്ധസംഘം എന്തൊക്കെ പരിശോധനകൾ നടത്തി എന്ന് അറിയിക്കുമോ ;

(ഡി) ബേബി ഡാമിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് എന്തൊക്കെ കാര്യങ്ങളിലാണ് തമിഴ്നാട് അധികൃതരും സംസ്ഥാന സർക്കാരും തമ്മിൽ തർക്കം നിലനിൽക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly